കേരള സർക്കാർ

നം.23/സി.ആർ സെൽ/2020/പൊ.ഭ.വ

പൊതുഭരണ (സി.ആർ സെൽ) വകുപ്പ്
തിരുവനന്തപുരം, തീയതി: 11.08.2021

## പരിപത്രം

വിഷയം: പൊതുഭരണ(സി.ആർ സെൽ) വകുപ്പ് - കോൺഫിഡൻഷ്യൽ റിപ്പോർട്ട് - റിപ്പോർട്ടിംഗ്/റിവ്യൂവിംഗ് ഉദ്യോഗസ്ഥർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന: 1. 22.08.1966 ലെ സ.ഉ.(പി) നം.344/66/പി.ഡി നമ്പർ ഉത്തരവ്
2. 20.08.1976 ലെ സ.ഉ.(പി) നം.289/76/പി.ഡി നമ്പർ ഉത്തരവ്
3. 17.10.1998 ലെ 14673/Adv.C2/98/P&ARD നമ്പർ സർക്കുലർ

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമയബന്ധിതമായി പരിശോധിച്ചു നൽകുക എന്നത് ഓരോ മേലുദ്യോഗസ്ഥന്റെയും ഉത്തരവാദിത്തമാണ് എന്ന് മേൽ പരാമർശിത ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും, റിപ്പോർട്ടിംഗ്/റിവ്യൂവിംഗ് ഉദ്യോഗസ്ഥർ കൃത്യമായി കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പരിശോധിച്ചു നൽകുന്നില്ലായെന്നു നിരവധി പരാതികൾ ഈ വകുപ്പിൽ ലഭിച്ചു വരുന്നു. SCORE പരിശോധിച്ചതിൽ നിന്നും ചില ഉദ്യോഗസ്ഥർ കൂടുതൽ നാളായി കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ അവരുടെ ഇൻബോക്സിൽ പെൻഡിംഗ് ആക്കുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ അവസരത്തിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഒരു നിശ്ചിത കാലാവധി കഴിഞ്ഞ് അടുത്ത തലത്തിലേക്ക് സ്വമേധയാ പോകുന്ന വിഷയവും ഈ വകുപ്പ് പരിശോധിച്ചിരുന്നു. എന്നാൽ ഇപ്രകാരം അടുത്ത തലത്തിലേക്ക് സ്വമേധയാ പോകുമ്പോൾ ഗ്രേഡിംഗിൽ ആശയക്കുഴപ്പങ്ങൾ ഉണ്ടാകുകയും, നിലവിലുള്ള റിപ്പോർട്ടിംഗ്/റിവ്യൂവിംഗ് രീതിയിൽ വ്യതിചലനം ഉണ്ടാകുകയും ചെയ്യുമെന്നതിനാൽ ഇക്കാര്യം നിലവിൽ പരിഗണിക്കാനാകില്ല എന്ന് കാണുന്നു.

പ്രസ്തുത സാഹചര്യത്തിൽ സൂചന 1 പ്രകാരമുള്ള ഉത്തരവിലെ (ഖണ്ഡിക 14 ), Estimate Committee (1996- 98) 12th Report ലെ പരാമർശങ്ങൾ എന്നിവയിലേയ്ക്കും ശ്രദ്ധ ക്ഷണിച്ചുകൊണ്ടും ഓരോ മേലുദ്യോഗസ്ഥരും (റിപ്പോർട്ടിംഗ്/റിവ്യൂവിംഗ്) SCORE മുഖേന അവരവരുടെ ഇൻബോക്സിൽ വരുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ കൃത്യമായും സമയബന്ധിതമായും പരിശോധിച്ചു അടുത്ത തലത്തിലേക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നു അറിയിക്കുന്നു.

**കെ.ആർ.ജ്യോതിലാൽ**
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

സെക്രട്ടേറിയറ്റിലെ പൊതുഭരണം, ധനകാര്യം, നിയമം എന്നീ വകുപ്പുകളിലെ എല്ലാ ഉദ്യോഗസ്ഥർക്കും
സെക്ഷനുകൾക്കും
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

[signature]

**സെക്ഷൻ ഓഫീസർ**

പകർപ്പ് നം. DBS/5555/21/CE/LID&EW
dt 13.08.2021

SCORE സോഫ്റ്റ്‌വെയർ മുഖേന inbox-ൽ വരുന്ന CR Reporting/Reviewing officer കൃത്യമായും, സമയബന്ധിതമായും പരിശോധിച്ച് അടുത്ത തലത്തിൽ നൽകേണ്ടതാണ്.

[signature]

ചീഫ് എഞ്ചിനീയർ
LID&EW

തിരുവനന്തപുരം.